**വിശുദ്ധ കുർബാന വിശുദ്ധ ജീവിതത്തിന്**

**(വിശുദ്ധ കുർബാന കേന്ദ്രമാക്കിയുള്ള ദാമ്പത്യ ജീവിതവിശുദ്ധീകരണം.)**

ഓ ദിവ്യമാം സ്നേഹമേ
ഓ ദിവ്യകാരുണ്യമേ

സൃഷ്ട പ്രപഞ്ചത്തിന് അധിനായകത്വം വഹിക്കുന്ന ദൈവം ആദിയിൽ ആകാശവും ഭൂമിയും സൃഷ്ടിച്ചു. അവിടുന്നു പറഞ്ഞു നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം(ഉൽപ്പത്തി 1:24). ദൈവത്തെ ധിക്കരിച്ചു പാപം ചെയ്തതിനാൽ ദൈവമനുഷ്യ ബന്ധം വിഛേദിക്കപ്പെട്ടു. എങ്കിലും മനുഷ്യനോടു കരുണ തോന്നിയ ദൈവം സ്വപുത്രനെ നൽകികൊണ്ട് ആ ബന്ധം പുനർസ്ഥാപിച്ചു. സൃഷ്ടാവിന്റെ പരമോന്നത പദവിയിൽ നിന്നിറങ്ങി മനുഷ്യനുമായി വ്യക്തിബന്ധം സ്ഥാപിച്ച യേശു കാൽവരിയുടെ വിരിമാറിൽ മൂന്നാണികളാൽ തറയ്ക്കപ്പെട്ടവൻ ഇന്ന് ബലിപീഠങ്ങളിൽ അറത്തു മുറിക്കപ്പെട്ട് മാനവരാശിയുടെ പാപങ്ങൾക്ക് പരിഹാരം ചെയ്തുകൊണ്ടിരിക്കുന്നു .നമ്മുടെ രക്ഷകൻ അവിടുത്തെ തിരുശരീര രക്തങ്ങൾ ബലിയായ് നൽകി ,അവിടുന്ന് ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിൽ ഒടുവിലത്തെ അത്താഴവേളയിൽ വിശുദ്ധ കുർബാന സ്ഥാപിച്ചു. കുരിശിലെ തൻറെ ബലി തന്റെ പുനരാഗമനം

വരെ അവിരാമം തുടർന്നുകൊണ്ടുപോകാൻ വേണ്ടിയായിരുന്നു അവിടുന്ന് അങ്ങനെ ചെയ്തത്. വിശുദ്ധ കുർബാന സ്നേഹത്തിൻറെ കൂദാശയും ഐക്യത്തി ന്റെ അടയാളവും ഉപവിയുടെ ഉടമ്പടിയാണ് (രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ ) .ഈ വിശുദ്ധ കുർബാനയിൽ സന്നിഹിതരായിരിക്കുന്ന  ക്രിസ്തുവിനെയാണ് വിശുദ്ധ കുർബാന സ്വീകരണ ത്തിലൂടെ നാം അനുകരിക്കുന്നത് എങ്കിൽ നാമും മാറ്റങ്ങൾക്ക് വിധേയമാക്കപ്പെട്ടു കൊണ്ട് വിശുദ്ധരായി മാറ്റപ്പെടുന്നു. അതോടൊപ്പം  വിശുദ്ധകുർബാന ആയ ക്രിസ്തുവിനെ നമ്മുടെ കുടുംബങ്ങളിൽ, ദാമ്പത്യജീവിതത്തിൽ അനുകരിക്കണം. വിശുദ്ധ കുർബാനയുടെ വ്യത്യസ്ത ഭാവങ്ങളും നമ്മുടെ ജീവിതവിശുദ്ധിയുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് നോക്കാം.

സഭയുടെ ആരാധനക്രമത്തിലും നമ്മുടെ ദൈനംദിന ജീവിതത്തിലും  ദിവ്യകാരുണ്യത്തിന്റെ പ്രാധാന്യം ഏറെ വലുതാണ്. ആധ്യാത്മിക ആചാര്യന്മാരുടെയും വിശുദ്ധരുടേയും മാത്രമല്ല സാധാരണക്കാരായ ഭക്താന്മാക്കളുടേയും  ആധ്യാത്മിക ജീവിതത്തിന് ഏറ്റവും വലിയ പ്രചോദനമായിത്തീരുന്നത് വിശുദ്ധ കുർബാനയിലുള്ള ഭക്തിയാണ്. "വിശുദ്ധ കുർബാനയെ മനസ്സിലാക്കുന്നതിനും  അർത്ഥവത്തായി ആചരിക്കുന്നതിനും ലോകത്തിൻറെ സമകാലീന സാഹചര്യങ്ങളും ഇക്കാലത്തെ മനുഷ്യരുടെ  വിശിഷ്യ പാവങ്ങളുടെയും പീഡിതരുടെയും സന്തോഷവും പ്രതീക്ഷകളും സങ്കടങ്ങളും ഉൽക്കണ്ഠയുമെല്ലാം നാം അറിഞ്ഞിരിക്കണം."(സഭ ആധുനിക ലോകത്തിൽ

നമ്പർ1.)

**<u>വിശുദ്ധ കുർബാന ത്യാഗത്തിന്റെ കൂദാശ</u>**

യേശുവിൻറെ എന്നേക്കുമുള്ള ഒരേയൊരു ബലി ,ഇന്ന് നമ്മുടെ മധ്യേ സന്നിഹിതമാവുകയാണ് വിശുദ്ധകുർബാനയിലൂടെ . ഈ ബലിയിൽ പങ്കെടുത്തുകൊണ്ട് അവിടത്തെ അനുകരിച്ചു ജീവിച്ചു കൊണ്ട് അതിനെ നമ്മുടെയും ബലിയാക്കി തീർക്കാൻ വേണ്ടിയാണിത്. അതിനുള്ള പ്രസാദവരും കൃപയും ഈ ബലി നമുക്ക് നൽകുന്നു.

കുർബാന സഭയുടെ ബലിയാണ്. ക്രിസ്തുവിൻറെ ശരീരമാകുന്ന സഭ തൻറെ ശിരസ്സിന്റെ സമർപ്പണത്തിൽ ഭാഗഭാക്കാക്കുന്നു. അവിടുത്തോടുകൂടി അവൾ മുഴുവനും സമർപ്പിക്കപ്പെടുന്നു( മതബോധന ഗ്രന്ഥം 1368 ). അതുപോലെ തന്നെ കുടുംബജീവിതമാകുന്ന ബലിയിലെ യാഗ ദ്രവ്യമാണ് അച്ഛനുമമ്മയും. ഭാര്യയുടെ ശിരസായ ഭർത്താവിനും മക്കൾക്കും വേണ്ടി അവൾ ബലിയർപ്പിക്കപ്പെടണം അതുപോലെതന്നെ ഭാര്യക്കും മക്കൾക്കുമായി ഭർത്താവും. അപ്പോൾ വിശുദ്ധ ബലി കുടുംബങ്ങളിൽ അനുദിനം ആവർത്തിക്കപ്പെടും."വിവാഹം എന്നത് പൂർണമായും മറ്റൊരു വ്യക്തിയുടെ ആയിരിക്കുക എന്ന അനുഭവം കൂടിയാണ്"(സ്നേഹത്തിൻറെ സന്തോഷം 319). നമ്മുടെ ജീവിതങ്ങളിൽ അനുവർത്തിക്കപ്പെടേണ്ട ദാരിദ്ര്യം എന്ന പുണ്യവും വെളിവാക്കപ്പെട്ട പരിശുദ്ധ കുർബാന നമ്മെ ഓർമ്മിപ്പിക്കുന്നു. തന്റെ ശരീരവും രക്തവും മനുഷ്യന് നൽകിയ ദൈവം ഉപഭോഗ സംസ്കാരത്തിന് ചുറ്റുപാടിൽ

നിന്നും മാറി നിന്നുകൊണ്ട് ദാരിദ്ര്യം എന്ന പുണ്യം നമ്മുടെ വീടുകളിൽഅനുസരിക്കേണ്ടതിന്റെ ആവശ്യകത ഈ കൂദാശ നമ്മെ ഓർമ്മിപ്പിക്കുന്നു. എന്തുമാത്രം നേടിയാലും  വലിയ വീടും വാഹനങ്ങളും ഉണ്ടെങ്കിലും , വീണ്ടും വീണ്ടും പണം സമ്പാദിക്കണം എന്ന മനുഷ്യന്റെ തൃഷ്ണയിൽ നിന്നും വിടുതൽ നേടണമെന്നാണ് ആണ് ഈ കൂദാശ നമ്മോട് ആവശ്യപ്പെടുന്നത്. അപ്പനും അമ്മയും മുൻകൈയെടുത്തു കൊണ്ട് ഈ കർത്തവ്യം നടപ്പിലാക്കുന്നത് വഴി വിശുദ്ധ കുർബാനയായ യേശുവിനെ നാമും അനുകരിക്കുന്നു.

ബലിയായ്, സ്വയം ദാനമായ വിശുദ്ധ കുർബാനയെ അനുകരിക്കുന്ന നമ്മൾ ആത്മ വിമർശനത്തെ അംഗീകരിക്കണം. ഗുണകരമായ ആത്മവിമർശനത്തി നെപ്പറ്റി സ്നേഹത്തിൻറെ സന്തോഷം 36 പറയുന്നു. വിശുദ്ധിയിലേക്ക് നമ്മെ സഹായിക്കുന്ന ഒരു ഘടകമാണിത്. ആത്മവിമർശനം ആവശ്യമില്ലാത്ത വരോ അതുകൊണ്ട് പ്രയോജനം ഇല്ലാത്തവരായി ആരുമില്ല. തന്നെത്തന്നെ അറിയുക എന്ന സോക്രട്ടീസ് പറഞ്ഞു. സ്വയം അറിയുന്നവർക്കേ തെറ്റുകളെ കുറിച്ച് ബോധം ഉണ്ടാവൂ എന്നിട്ട് വേണമല്ലോ തിരുത്താൻ . തന്നെത്തന്നെ ആത്മത്യാഗമായി വിശുദ്ധ കുർബാനയായി സമർപ്പിച്ച യേശുവിൻറെ മാതൃക പിന്തുടരുന്ന നമുക്ക് സ്വയം വിമർശിക്കുവാനും വിമർശനങ്ങളെ വിനയത്തോടെ, ശാന്തതയോടെ സ്വാഗതം ചെയ്തു സ്നേഹത്തോടെ മറ്റുള്ളവരെയും കുടുംബാംഗങ്ങളെയും വിമർശിക്കുവാനും കഴിയണം.

ബലിയാക്കപ്പെട്ട വിശുദ്ധകുർബാന വഴി വിശുദ്ധി എന്ന

കൃപ നമുക്ക് കരഗതമാകുന്നു. നിയമം മോശ വഴി നൽകപ്പെട്ടു കൃപയും സത്യവുമാകട്ടെ യേശുക്രിസ്തു വഴി ഉണ്ടായി (യോഹ 1:16 ). എഴുതിവെക്കപ്പെട്ട നിയമങ്ങൾ അനുസരിക്കാനുള്ള ശക്തി നമുക്ക് ഇല്ലെങ്കിൽ അതിനൊരു പ്രയോജനവുമില്ല. ചെയ്യേണ്ടത് ചെയ്യാനും ചെയ്യേണ്ടതായിട്ടുണ്ട് ചെയ്യാതിരിക്കാനുള്ള കൃപ വിശുദ്ധ കുർബാനയിൽ  നമുക്ക് ലഭിക്കുന്നു . ക്രിസ്തുവിനോടുള്ള ഐക്യപ്പെടൽ ദാനമായി കിട്ടുന്ന കൃപയാണ് ഈ വിശുദ്ധിയെങ്കിൽ

ഈശോയുടെ സ്നേഹത്തിൽ ഒട്ടിനിന്നു കൊണ്ട് അവനോടൊപ്പം ബലിയാവണം. യേശു ക്രിസ്തുവിനോട് ഐക്യപ്പെടുന്നവർക്ക് ശിക്ഷാവിധിയില്ല (റോമ 8:1).

അപ്പത്തിലും ശരീരത്തിലും മാറ്റം വരുത്തിക്കൊണ്ട് തന്റെ കാണികളെ കാണിച്ചുകൊടുത്ത ഈശോ നമ്മോട് പറഞ്ഞു ഞാൻ ജീവന്റെ അപ്പം ആണ്. എൻറെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്താൽ നിങ്ങൾക്ക് നിത്യജീവൻ കിട്ടും ( യോഹ 6 ) . ഈ ശരീരവും രക്തവുമാണ് ഓരോ ദിവസവും വിശുദ്ധ കുർബാന യിലൂടെ നാമും സ്വീകരിക്കുന്നത്.

## <u>വിശുദ്ധ കുർബാന സാന്നിധ്യത്തിന്റെ കൂദാശ</u>

വിശുദ്ധ കുർബാനയിൽ യേശു  സന്നി ഹിതനായിരിക്കുന്നത് അനന്യവും താരതമ്യപ്പെടുത്താനാകാത്തതും ആയ രീതിയിലാണ്. അവിടുന്ന് സത്യമായിട്ടും, യഥാർത്ഥമായിട്ടും സത്താപരമായിട്ടും വിശുദ്ധ കുർബാനയിൽ സ്നേഹിതനാണ്. അവിടുത്തെ ശരീരത്തോടും

രക്തത്തോടും  അവിടുത്തെ ആത്മാവോടും ദൈവീകത്വത്തോടും കൂടെ കൗദാശികമായ രീതിയിൽ അവിടുന്ന് കുർബാനയിൽ സന്നിഹിതനായിരുന്നു. അതായത് അപ്പത്തിന്റേയും വീഞ്ഞിന്റേയും സാദൃശ്യത്തിൽ  ദൈവവും മനുഷ്യനുമായ ക്രിസ്തു മുഴുവനുമായി വിശുദ്ധ കുർബാനയിൽ സന്നിഹിതനായിരുന്നുവെന്ന് മതബോധനഗ്രന്ഥം പഠിപ്പിക്കുന്നു(1373-1380).

ജീവിക്കുന്നവരുടെ ഇടയിലേക്ക്  വിശുദ്ധ കുർബാനയായി , നിത്യം ജീവിക്കുന്നവനായി, സാന്നിധ്യമായി കടന്നുവന്ന ക്രിസ്തുനാഥനെ മനസ്സിലാക്കാൻ കഴിയുന്നവർക്ക് മാത്രമേ അവിടുത്തെ ജീവിതത്തിന്റേയും മരണത്തിന്റയും ഉത്ഥാനത്തിന്റേയും സന്ദേശം ഉൾക്കൊള്ളാനാവൂ. പക്ഷേ നമ്മുടെ ഇടയിൽ ജീവിക്കുന്ന ക്രിസ്തുവിനെ കണ്ടെത്താൻ അല്പം ബുദ്ധിമുട്ട് അനുഭവപ്പെട്ടേക്കാം. നമ്മുടെ കുടുംബങ്ങളിൽ മുറിവേൽപ്പിക്കുന്നവരെ മനസ്സിലാക്കുവാനും.,."സംഭവിച്ചവയെ പറ്റിയെല്ലാം അവർ പരസ്പരം സംസാരിച്ചിരുന്നു. അവർ സംസാരിക്കുകയും ചർച്ചചെയ്യുകയും ചെയ്യവേ ഈശോ അവരുടെ സമീപത്തെത്തി അവരുടെ കൂടെ നടന്നിരുന്നു . എന്നാൽ അവിടുത്തെ തിരിച്ചറിയാൻ കഴിയാത്ത വിധം അവരുടെ കണ്ണുകൾ മൂടപ്പെട്ടിരുന്നു."(ലൂക്ക 24:14-16)

ജീവിതയാത്രയിൽ ക്രിസ്തുവിനെ കണ്ടുമുട്ടാത്തവരായി ആരുമുണ്ടാകില്ല. മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടാവില്ല എന്ന് മാത്രം. അംഗ വിഹീനനായി ,രോഗിയായി,ദരിദ്രനായി,

സഹയാത്രികനായി ,അധികാരിയായി,
അധീനനായി,ജീവിതപങ്കാളിയായി  വിശുദ്ധ കുർബാനയിൽ സന്നിഹിതനായ ക്രിസ്തു നമ്മുടെ ജീവിതത്തിലേക്ക് കടന്നു വന്നിട്ടുണ്ട്. പലപ്പോഴും അവിടത്തെ തിരിച്ചറിയാനാവാത്തവിധം നമ്മുടെയൊക്കെ  കണ്ണുകൾ മൂടപ്പെട്ടിരിക്കുന്നു എന്ന് മാത്രം. വിശുദ്ധ കുർബാന സാന്നിധ്യത്തിന്റെ കൂദാശ യാണെങ്കിൽ ഈശോയുടെ സാന്നിധ്യം നാം തിരിച്ചറിയപ്പെടുന്നു

ണ്ടെങ്കിൽ ഓരോ കുടുംബാംഗവും തൻറെ കുടുംബത്തിൽ  സംലഭ്യരാകേണ്ടതിന്റെ ആവശ്യകത നാം ഉൾക്കൊള്ളണം. ശരീരവും മനസ്സും നൽകിക്കൊണ്ടുള്ള സംലഭ്യത നമ്മുടെ കുടുംബങ്ങളിൽ ഉണ്ടാകണം. മൊബൈൽ ഫോണിൽ കൂടുതൽ സമയം ചെലവഴിക്കുന്ന അതിനുപകരം ടെലിവിഷനും കമ്പ്യൂട്ടർ ഗെയിമുകളും കളിച്ചിരിക്കുന്നതിനും പകരമായി കുടുംബത്തോടൊപ്പം സമയം ചെലവഴിക്കാൻ വിശുദ്ധ കുർബാന സ്വീകരിക്കുന്ന ഓരോ ക്രൈസ്തവനും കഴിയണം."നാം സ്നേഹിക്കുന്നവരെ ദൈവത്തിൻറെ കണ്ണുകളിലൂടെ ധ്യാനിക്കുകയും അവരിൽ ക്രിസ്തുവിനെ കാണുകയും ചെയ്യുക"(സ്നേഹത്തിൻറെ സന്തോഷം 323). അങ്ങനെ  സ്നേഹിക്കപ്പെടുന്നതിന്റെ, സാന്നിധ്യം ആകുന്നതിന്റെ സന്തോഷം അനുഭവിക്കുവാൻ നമുക്ക് കഴിയും.

സ്നേഹം തന്നെയായ വിശുദ്ധകുർബാന നമ്മുടെ വിശുദ്ധിക്ക് കാരണമാകുന്നുവെങ്കിൽ എങ്കിൽ അതിൻറെ വിവിധ ഭാവങ്ങളെ നാം ജീവിതത്തിൽ അനുകരിക്കണം. അവ എന്തൊക്കെയൊണെന്ന് നമുക്ക്

നോക്കാം.1 കൊറി13: 4-7

1. സ്നേഹം ദീർഘക്ഷമ ഉള്ളതാണ്: അപരന്റെ തെറ്റുകൾ ക്ഷമിച്ചു കൊണ്ട് ദ്രോഹം ഒഴിവാക്കി, വികാരപരമായി പ്രവർത്തിക്കാതെയും ,വായിൽ തോന്നുന്നത് പറയാതെയുമിരുന്നു കൊണ്ട് ക്ഷമ ഉള്ളവരായിരിക്കാം.

2. സ്നേഹം ദയ ഉള്ളതാണ്: പരസ്പരം സഹായം ആകാൻ എപ്പോഴും തയ്യാറായി കൊണ്ട് നമുക്ക് കുടുംബബന്ധങ്ങൾ ശക്തിപ്പെടുത്താം.

3. സ്നേഹം അസൂയപ്പെടുന്നില്ല: കുടുംബാംഗങ്ങളുടെ ക്ഷേമത്തിലും വളർച്ചയിലും സന്തോഷം കണ്ടെത്തി കൊണ്ട് കൊണ്ട് സന്തോഷിക്കാൻ സാധിക്കുന്നു.

4. സ്നേഹം ആത്മപ്രശംസ ചെയ്യുന്നില്ല: അപരനിലേക്ക് ശ്രദ്ധകേന്ദ്രീകരിച്ചു കൊണ്ട് അവരുടെ ഉയർച്ചയ്ക്കായി ശ്രമിക്കുന്നു.

5. സ്നേഹം അനുചിതമായി പെരുമാറുന്നില്ല: സൗമ്യതയോടും ശ്രദ്ധയോടും കൂടെ കുടുംബാംഗങ്ങളോട് ഒന്നിച്ച് ജീവിക്കാൻ സാധിക്കുന്നു.

6. സ്നേഹം ഉദാരത ഉള്ളതാണ്: വിശുദ്ധ അക്വിനാസ് പറഞ്ഞതുപോലെ പോലെ സ്നേഹിക്കപ്പെടാൻ ആഗ്രഹിക്കുന്ന അതിനേക്കാൾ സ്നേഹിക്കുവാൻ ആഗ്രഹിക്കുക. ഓരോ അമ്മയും എന്നും തങ്ങളുടെ കുടുംബ ജീവിതങ്ങളിൽ കളിൽ വളർത്തിയെടുക്കേണ്ട അത് ഒരു വലിയ പുണ്യമാണിത്.

7. സ്നേഹം കോപിക്കുന്നില്ല, വിദ്വേഷം പുലർത്തുന്നില്ല: നിങ്ങളുടെ കോപം  സൂര്യൻ അസ്തമിക്കുന്നത് വരെ നീണ്ടു പോകാതിരിക്കട്ടെ (എഫേസോസ് 4:26).

8. സ്നേഹം സകലതുംവിശ്വസിക്കുന്നു. സകലത്തെയും അതിജീവിക്കുന്നു: ദമ്പതികൾ തമ്മിൽ പരസ്പരം

ആശ്രയിച്ചുകൊണ്ട് കൊണ്ട് പരസ്പരം മനസ്സിലാക്കി പൊറുത്തുകൊണ്ട് തുറവിയോടെ സംസാരിച്ചു കൊണ്ട് സകലത്തേയും അതിജീവിക്കുന്നു.

കുടുംബത്തിന്റെ ശക്തി നിലനിൽക്കുന്നത് സ്നേഹിക്കാനും എങ്ങനെ സ്നേഹിക്കാം എന്നുപഠിപ്പിക്കാനുള്ള കഴിവിൽ ആണ് . കുടുംബത്തിന് എന്തെല്ലാം പ്രശ്നങ്ങൾ ഉണ്ടായാലും സ്നേഹത്തിൽ തുടങ്ങി എപ്പോഴും വളരാൻ കഴിയും(സ്നേഹത്തിൻറെ സന്തോഷം 53 അധ്യായം 2).

**<u>വിശുദ്ധ കുർബാന -കൂട്ടായ്മയുടെ കൂദാശ -ജീവിത വിശുദ്ധിക്ക് .</u>**

വിശുദ്ധ കുർബാന വഴി ഒരു കൂട്ടായ്മ ജീവിതം നമുക്ക് ലഭിക്കുന്നു. എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ എന്ന് കുർബാനയായ ദൈവം നമ്മോട് അരുളിച്ചെയ്തത്  അനുസരിക്കാനുള്ള കർത്തവ്യം നമുക്കുണ്ട്. സ്നേഹത്തിൽ അധിഷ്ഠിതമായ കൂട്ടായ്മ ദാമ്പത്യ വിശുദ്ധിയും ,മൂല്യങ്ങളും സംരക്ഷിക്കുവാൻ നമ്മെ സഹായിക്കും. അനുസരണത്തിൽ വളരുന്ന കുടുംബങ്ങൾ ,അതായത് അപ്പനും അമ്മയും പറയുന്നത് അനുസരിച്ച് ജീവിക്കുന്ന  മക്കൾ,മാതാപിതാക്കളെ ബഹുമാനിക്കുന്ന മക്കൾ ഉള്ള കുടുംബങ്ങൾ എത്ര മനോഹരമാണ്. അങ്ങനെ ക്രൈസ്തവ ചൈതന്യവും മൂല്യങ്ങളും വിശുദ്ധകുർബാന വഴി നമുക്ക് ഊട്ടിയുറപ്പിക്കുവാൻ കഴിയുന്നു. വിശുദ്ധ കുർബാനയാകുന്ന വിരുന്ന് കൂട്ടായ്മ ജീവിതത്തെപ്പറ്റി

നമ്മെ ഉദ്ബോധിപ്പിക്കുന്നു. വിരുന്ന് ആകുന്ന കുർബാനയെ പറ്റി ചിന്തിക്കുമ്പോൾ ആദ്യമായി നമ്മുടെ ശ്രദ്ധ ചെല്ലുന്നത് പീഡാനുഭവ ത്തെയും മരണത്തിന്റേയും തലേന്ന് സ്വശിഷ്യരോടൊപ്പം യേശു നടത്തിയ അന്ത്യത്താഴ വിരുന്നാണ്. തിന്നുകയും കുടിക്കുകയും ചെയ്യുക എന്നതിനപ്പുറം സൗഹൃദം പങ്കുവയ്ക്കൽ , ആശയവിനിമയം, പരസ്പരബന്ധം എല്ലാം ഈ വിരുന്നിൽ അന്തർലീനമാണ്. കുടുംബമാണ് വിരുന്നു നടത്തുന്നതിനുള്ള മൗലികമായ സ്ഥലം. വിരുന്നിൽ പങ്കു പറ്റുന്ന ഓരോരുത്തരും ജീവനിലും ജീവിതത്തിലും പങ്കു ചേർന്നു കൊണ്ട് കുടുംബാംഗങ്ങളെ പരസ്പരം പരിപോഷിപ്പിക്കുന്നു.

യേശുവിൻറെ അന്ത്യത്താഴത്തിൽ യേശു തന്നെ ആയിരുന്നു ആതിഥേയൻ. ഈ വിരുന്നിലെ അപ്പവും വീഞ്ഞും അവർക്ക് വേണ്ടി നൽകപ്പെടുന്ന ശരീരമായും ചിന്തപ്പെടുന്ന രക്തമായും വ്യാഖ്യാനിച്ചുകൊണ്ട് ശിഷ്യന്മാർക്ക് നൽകിയപ്പോൾ അപ്പോൾ അവരിൽ നിന്നും പോയി കഴിഞ്ഞാലും ആഗതമാകുന്ന ദൈവരാജ്യത്തിൽ തന്റെ കൂട്ടായ്മ തുടർന്നും അവർക്ക് നൽകുക എന്നതായിരുന്നു യേശുവിന്റെ ലക്ഷ്യം. നമ്മുടെ വീടുകളിൽ എത്തുന്ന സന്ദർശകർക്ക്  ഒരു കപ്പ് ചായ അല്ലെങ്കിൽ കാപ്പി എങ്കിലും കൊടുക്കാതെ വിടുക എന്നത് നമ്മുടെ സംസ്കാരത്തിന് ഭാഗമല്ല അതുവഴി രൂപപ്പെടുന്ന ബന്ധത്തിന്റേയും പ്രതീകമാണ് ചായസൽക്കാരം അങ്ങനെയെങ്കിൽ വിശുദ്ധ കുർബാന പങ്കെടുക്കുന്ന ക്രൈസ്തവരായ നാമെല്ലാവരും കൂട്ടായ്മയുടെ ചൈതന്യം സ്വന്തം കുടുംബങ്ങളിൽ

ഉൾക്കൊള്ളുവാൻ കടമയുള്ളവരാണ്.

"സ്ത്രീയും പുരുഷനും തമ്മിൽ  ജീവിതകാലം മുഴുവനും നീണ്ടുനിൽക്കുന്ന  സഖ്യം ഉളവാക്കുന്ന  വിവാഹ ഉടമ്പടി അതിന്റെ സ്വഭാവത്തിൽ തന്നെ ദമ്പതികളുടെ നന്മയ്ക്കും സന്താനോൽപ്പാദനത്തിനും അവരുടെ വിദ്യാഭ്യാസത്തിനും വേണ്ടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. മാമോദിസ സ്വീകരിച്ച രണ്ട് വ്യക്തികൾ തമ്മിലുള്ള ഈ ഉടമ്പടിയെ കർത്താവായ ക്രിസ്തു ഒരു കൂദാശ പദവിയിലേക്ക് ഉയർത്തി" (മതബോധനഗ്രന്ഥം 1601).

ബലിയായ, സാന്നിധ്യമായ, കൂട്ടായ്മയും സഖ്യവുമായ വിശുദ്ധ കുർബാനയുടെ ചൈതന്യം നമുക്ക് നേടിയെടുക്കാം. കുടുംബത്തിൽ നിന്ന് പള്ളിയിലേക്ക് അ അവിടെനിന്നും ഒന്നും കുടുംബത്തിലേക്കും ബുദ്ധിമുട്ടില്ലാതെ സഞ്ചരിക്കുന്ന നമ്മൾ കുടുംബ ബന്ധങ്ങളിലേക്ക് കയറി അവിടെയുള്ള മുറിവേറ്റവരെ പരിഗണിക്കുവാൻ, അങ്ങനെ നല്ല സമരിയാക്കാരൻ ആകുവാൻ നമുക്ക് കഴിയട്ടെ . അതിന്  പരിശുദ്ധ കുർബാനയും വചനപ്രഘോഷണങ്ങളും നമ്മെ സഹായിക്കട്ടെ . എൻറെ വാക്കും പ്രവർത്തിയും  എന്റെ ജീവിതത്തെ, എന്റെ ദാമ്പത്യബന്ധത്തെ എങ്ങനെ സ്വാധീനിക്കുന്നു എന്ന തിരിച്ചറിവ് ഉണ്ടാവണം. കാനായിലെ പൂപ്പന്തലിൽ കരുണ വർഷം ചെയ്ത ദൈവം നമ്മുടെ ജീവിതങ്ങളിലും കാരുണ്യം ചൊരിയട്ടെ . യേശു തന്റെ ആദ്യ അത്ഭുതം നടത്തിയത് കാനായിലെ കല്യാണ വിരുന്നിൽ ആണ് (യോഹ 2:1-11) അതുപോലെ പോലെ വിശുദ്ധ ഗ്രന്ഥത്തിലെ അവസാന പുസ്തകമായ വെളിപാടിൽ കുഞ്ഞാടിന്റെ വിവാഹ വിരുന്നിനെ പ്പറ്റിയും

പറഞ്ഞിരിക്കുന്നു(വെളിപാട് 19:7-9). ദൈവീക ജീവൻറെ സംസർഗവും വും ദൈവജനത്തിന്റെ ഐക്യവും പ്രകാശിതവും ഫലദായകവും ആകുന്നത് വിശുദ്ധ കുർബാനയിൽ ആണ്(മതബോധനഗ്രന്ഥം 1326).
കുടുംബത്തിൽ ഒരാൾ മുറിവേറ്റാൽ, അപമാനിക്കപ്പെട്ടാൽ അത് ഈശോക്കാണ് ഏൽക്കപ്പെടുന്നത് എന്ന തിരിച്ചറിവിലേക്ക് വിശുദ്ധ കുർബാന ആ ചരണവും സ്വീകരണവും നമ്മെ സഹായിക്കുന്നു.

തെളിഞ്ഞ വെയിലും ഊഷ്മളത ഊളയിട്ടു കളിക്കുന്ന ഇളം മാരുതനും ജീവിത യാത്രയിൽ ഉടനീളം ഉണ്ടാവാൻ സകലത്തേയും അതിജീവിച്ച് വിശുദ്ധരാവാൻ വിശുദ്ധ കുർബാന നമ്മെ സഹായിക്കട്ടെ .

<u>**അവലംബം**</u>

1. കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം 1368, 1373-1380, 1326, 1601

2. സ്നേഹത്തിൻറെ സന്തോഷം 319, 323,53

3. ഉൽപ്പത്തി 1:24

4. യോഹന്നാൻ1:16

5. റോമ 8:1

6. ലൂക്ക 24:14-16

7.1 കൊറി 13:4-7

8. യോഹ 2:1-11

9 . വെളിപാട് 19:7-9

10. എഫേസോസ് 4:26

11. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ.

12. സഭ ആധുനിക ലോകത്തിൽ നമ്പർ 1

(മരിയ ജോബിൻ
സെൻ്റ് മാർക്ക് മിഷൻ
ലണ്ടൻ).